വുള്ള ചെറുകിട വ്യാപാരികളുടെ റിട്ടേൺ കണക്കുകൾ പരിശോധിക്കാതെ പൂർത്തിയാക്കാവുന്നതാണ്. നികുതി നിർണ്ണയം നാലുവർഷത്തിനകം പൂർത്തിയാക്കണമെന്നത് നിർബന്ധമാക്കത്തക്കവിധം വിൽപ്പനനികുതിനിയമം 17(6) വകുപ്പുകൂടെ ചേർത്ത് നിയമഭേദഗതിവരുത്തിയിട്ടുണ്ട്. 1994-95 വരെയുള്ള നികുതി നിർണ്ണയങ്ങൾ തീർക്കാനുള്ള കാലാവധി 31.3.2000 വരെ ദീർഘിപ്പിച്ചു. ലഘു നികുതിനിർണ്ണയത്തിൽ ഉൾപ്പെടാത്തതായ കേസുകൾ കണക്കുകൾ പരിശോധിച്ച് നാലുമാസത്തിനകം നികുതിനിർണ്ണയം നടത്തേണ്ടതാണെന്ന് നിയമഭേദഗതി വരുത്തിയിട്ടുണ്ട്.

(ഇ)(എഫ്)&(ജി) ഉണ്ട്. നികുതി കുടിശ്ശികയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടിക, കുടിശ്ശിക തുക സഹിതം അനുബന്ധമായി ചേർത്തിട്ടുണ്ട്.† ഈ നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

23 (*83) പൈനാപ്പിൾ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൈനാപ്പിൾ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എറണാകുളം ജില്ലയിലെ വാഴക്കുളം കേന്ദ്രമായി പ്രവർത്തിക്കുന്ന പഴസംസ്കരണ ഫാക്ടറിയിൽ പൈനാപ്പിൾ സംസ്കരിക്കുന്നതിനേക്കാൾ കൂടുതൽ മറ്റു സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന മാമ്പഴം സംസ്കരിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) കെ.എച്ച്.ഡി.പി. യുടെമേൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് സംസ്ഥാന സർക്കാരിനുള്ളത്;

(ഡി) മൂവാറ്റുപുഴ താലൂക്കിൽ പ്രവർത്തിക്കുന്ന പഴസംസ്കരണ ഫാക്ടറിയുടെ പ്രവർത്തനം എന്നു മുതലാണ് ആരംഭിച്ചത്;

(ഇ) പ്രസ്തുത സ്ഥാപനത്തിലെ ഉൽപ്പാദനശേഷി എത്രയാണ്;

(എഫ്) പൈനാപ്പിളിന് ന്യായമായ വില ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഫാക്ടറിയിൽ പഴസംസ്കരണം പരീക്ഷണാർത്ഥം ആരംഭിച്ചതിനുശേഷം 1999 ഏപ്രിൽ വരെയുള്ള മിക്ക ദിവസങ്ങളിലും ദിവസം ഒരു ഷിഫ്റ്റ് പോലും പ്രവർത്തിപ്പിക്കാനുള്ളത്രയും കൈതച്ചക്ക കിട്ടാതിരുന്നതിനാലും, യന്ത്രോപകരണങ്ങളുടെ ഉൽപ്പാദനശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നതിനുമാണ് ദേശീയ ക്ഷീര വികസന ബോർഡുമായി മാമ്പഴം സംസ്കരിക്കുന്നതിന് കരാറിലേർപ്പെട്ടത്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ഇ.ഇ.സി. യുടെ പ്രതിനിധികളും മറ്റും അംഗങ്ങളായിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റിയാണ് പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതും.

(ഡി) ഫാക്ടറിയുടെ പ്രവർത്തനം പൂർണ്ണമായ തോതിൽ ആരംഭിച്ചിട്ടില്ല. 1998 ജൂലായിൽ മാമ്പഴവും, 1998 സെപ്റ്റംബറിൽ കൈതച്ചക്കയും പരീക്ഷണാടിസ്ഥാനത്തിൽ സംസ്കരിച്ചു.

(ഇ)

I സാന്ദ്രീകൃത പഴച്ചാർ :-

i. കൈതച്ചക്ക - വർഷത്തിൽ 250 ദിവസങ്ങളിലായി 16,000 ടൺ.

ii. മാമ്പഴം - വർഷത്തിൽ 50 ദിവസങ്ങളിലായി 1,800 ടൺ.

II പഴച്ചാർ

(കുടിക്കുവാൻ പാകത്തിൽ) - മണിക്കൂറിൽ 6,000 പാക്കറ്റ്.

III ഫ്രൂട്ട് കാൻഡി - വർഷം 120 ടൺ.

(എഫ്) ഫാക്ടറിയിലേക്ക് സംഭരിക്കുന്ന കൈതച്ചക്കയ്ക്ക് ന്യായമായ വില നൽകുന്നു. അന്താരാഷ്ട്ര വിപണിയിൽ പഴച്ചാറിന്റെ വില അടിസ്ഥാനമാക്കിയാണ് ഫാക്ടറിയിലേക്കുള്ള സംഭരണവില നിശ്ചയിക്കുന്നത്.

24 (*84) ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്ക് പദ്ധതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ച കാർഷികോൽപ്പാദനത്തിലൂടെ സംസ്ഥാനത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിലെത്തിക്കാനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഉപയോഗത്തിലില്ലാത്ത റവന്യൂവകഭൂമി താൽക്കാലികമായി കൃഷിവകുപ്പ് ഏറ്റെടുത്തോ; റവന്യൂ വകുപ്പുമായി ലെയ്സൺ സ്ഥാപിച്ച് ഭൂരഹിത കർഷകരുടെ സഹകരണസംഘങ്ങൾക്കോ തൊഴിൽരഹിതരും സന്നദ്ധരുമായ യുവാക്കൾക്കോ ഭക്ഷ്യവിളകൾ കൃഷി ചെയ്യാൻ പാട്ടത്തിനു നൽകാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) പ്രധാന ഭക്ഷ്യ വസ്തുക്കളുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തതയിലെത്തുക എന്ന ഉദ്ദേശത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. രണ്ടു വർഷമായി നടപ്പാക്കി വരുന്ന 'തീവ്ര പച്ചക്കറി വികസന പദ്ധതിയും' പ്രധാനപ്പെട്ട നെൽക്കൃഷി മേഖലയിൽ വികസന അതോറിറ്റികൾ രൂപീകരിക്കുകയും അവയിലൂടെ നെൽക്കൃഷിക്ക് അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്ന പദ്ധതിയും ഈ ലക്ഷ്യത്തിന്റെ ഭാഗമാണ്. കൂടാതെ പ്രധാനപ്പെട്ട നെൽക്കൃഷിമേഖലയിൽ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഗ്രൂപ്പ് ഫാമിംഗ് പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ നിർദ്ദേശം ഉൾപ്പെടെയുള്ള വിവിധ കാര്യങ്ങൾ സർക്കാരിന്റെ

LIBRARY ARCHIVES Kerala Legislative Assembly